**2021 ഫെബ്രുവരി 22 ന് രാവിലെ 10.30 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന പതിമൂന്നാമത് കില എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർപേഴ്സൺ |
| 2 | ശ്രീ. വി.ആർ വിനോദ് IAS<br>കമ്മീഷണർ, റൂറൽ ഡെവലപ്പ്മെന്റ്<br>ഗ്രാമവികസന വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 3 | ഡോ. പി.കെ ജയശ്രീ IAS<br>തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (Rural)<br>തിരുവനന്തപുരം | : | മെമ്പർ |
| 4 | ശ്രീ.യു. വി. ജോസ് IAS<br>സ്പെഷ്യൽ സെക്രട്ടറി<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | | മെമ്പർ |
| 5 | ശ്രീ.അനിൽ കുമാർ എസ്<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്<br>(ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി-<br>Zoom Meeting മുഖേന | : | മെമ്പർ |
| 6 | ശ്രീ.ബി.കെ ബൽരാജ്<br>ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)<br>(തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ(Urban)<br>പ്രതിനിധി) | : | മെമ്പർ |
| 7 | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

ഐറ്റം നമ്പർ –01

**04/01/2021 തീയ്യതിയിലെ പന്ത്രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

04/01/2021 തീയ്യതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. **അനുബന്ധം– (1 )**

**തീരുമാനം :**
**04/01/2021 തീയ്യതിയിലെ പന്ത്രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

ഐറ്റം നമ്പർ : 02

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

| ACTION TAKEN REPORT ON THE DECISION OF THE 12th EXECUTIVE COMMITTEE MEETING HELD ON 04/01/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| ഐറ്റം നമ്പർ –01<br>**14/10/2020 തീയ്യതിയിലെ പതിനൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**<br>തീരുമാനം : മിനിറ്റ്സ് അംഗീകരിച്ചു | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ :2**<br>**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**<br>**തീരുമാനം :**<br><br>മുൻ എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങളിന്മേൽ എടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമലപ്പെടുത്തി.<br><br>**ഐറ്റം നമ്പർ 10 & 11 – പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സറായ ഡോ. പീറ്റർ എം. രാജ്, ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവരുടെ അപേക്ഷ – സംബന്ധിച്ച്**<br><br>കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ നിന്ന് HR പോളിസി ലഭ്യമാകുവാൻ കാലതാമസമുണ്ടെങ്കിൽ അക്കാദമിക് വിഭാഗത്തിന്റെ പ്രമോഷനുമായി ബന്ധപ്പെട്ട പ്രസക്ത ഭാഗങ്ങൾ കിലക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതിന് കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനോട് ആവശ്യപ്പെടുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ആയത് വിശദമായ റിപ്പോർട്ട് സഹിതം അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. | കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ നിന്ന് ലഭിച്ച HR പോളിസി **അജണ്ട ഐറ്റം നം. 7** ആയി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |

| | |
|---|---|
| **ഐറ്റം നം. 6 – കില ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് – സംബന്ധിച്ച്**<br>കിലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ഇൻഷ്വറൻസ് പ്രീമിയം തുകയുടെ 75% വിഹിതം കിലയും 25% വിഹിതം ജീവനക്കാരും)നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം കില ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു |
| **ഐറ്റം നമ്പർ : 7 – മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് – സംബന്ധിച്ച്**<br>തീരുമാനം : പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ നയപരമായ തീരുമാനത്തിനായി കില ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനിച്ചു. | സ്ഥലം കിലക്ക് ഏറ്റെടുത്ത് നൽകുന്ന മുറക്ക് നയപരമായ തീരുമാനത്തിനായി പ്രൊപ്പോസൽ കില ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതാണ്. |
| **ഐറ്റം നമ്പർ : 9 – കില കൊട്ടാരക്കര സിഎച്ച്ആർഡി യിലെ വനിതാ ഹോസ്റ്റൽ നിർമ്മാണം- സംബന്ധിച്ച്**<br>ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുവാനുള്ള വിഹിതം ലഭ്യമാക്കുന്നതിലേക്കുള്ള പ്രവർത്തികൾ ത്വരിതപ്പെടുത്തുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി | കില – കൊട്ടാരക്കര കേന്ദ്രത്തിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള ശിലാസ്ഥാപനം ബഹു.തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ശ്രീ. എ.സി. മൊയ്തീൻ അവർകൾ 09/02/2021 തീയതി ഓൺലൈൻ മുഖേന നിർവ്വഹിച്ചു.<br>27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ആകെ 142 ലക്ഷം രൂപ 31/01/2021 വരെ ലഭ്യമായിട്ടുണ്ട്. 3,42,12,980 രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഇനിയും കിലക്ക് ലഭ്യമാവേണ്ടതുണ്ട്. വിഹിതം ലഭ്യമാക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്തയച്ചിട്ടുണ്ട് |
| | |

| | |
|---|---|
| **18/06/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച്**<br>**ഐറ്റം നമ്പർ : 03 – കിലയുടെ ഹോസ്റ്റലുകൾ ക്വാറന്റൈൻ ആവശ്യത്തിനായി വിട്ടുകൊടുത്തിരിക്കുന്നത്- സംബന്ധിച്ച്**<br>കില ആസ്ഥാനത്തുള്ള 3 ഹോസ്റ്റലുകളുടെയും കൊട്ടാരക്കര സെന്ററിലേയും അഗളി സെന്ററിലേയും ക്വാറന്റൈനായി വിട്ടുകൊടുത്ത ഹോസ്റ്റലുകളുടെയും കറന്റ് ചാർജ്ജ് ഇനത്തിൽ ചെലവായ തുക ലഭിക്കുന്നതിനായി അതാത് ജില്ലാ കളക്ടർമാരുമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കില ആസ്ഥാനത്തുള്ള 3 ഹോസ്റ്റലുകളുടെയും കൊട്ടാരക്കര സെന്ററിലേയും അഗളി സെന്ററിലേയും ക്വാറന്റൈനായി വിട്ടുകൊടുത്ത ഹോസ്റ്റലുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ ചെലവായ തുക ലഭിക്കുന്നതിനായി അതാത് പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറി മുഖേന ജില്ലാ കളക്ടർമാർക്ക് കത്തയച്ചിട്ടുണ്ട്. Followup ചെയ്യുന്നുണ്ട്. |
| **ഐറ്റം നമ്പർ –03**<br>**ഡോ. സണ്ണി ജോർജ്ജ്, പ്രൊഫസർ വിരമിക്കുന്നത് – സംബന്ധിച്ച്**<br>**തീരുമാനം**<br>ഡോ. സണ്ണിജോർജ്ജ്, പ്രൊഫസർ തസ്തികയിൽ നിന്ന് വിരമിക്കുന്നതനുസരിച്ച് ടിയാന് നിയമനം നൽകിയ തസ്തികയായ **Associate Professor, Rural Develpoment'** തസ്തികയിലേക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ മാനദണ്ഡങ്ങളോടെ നിയമനം നടത്തുന്നതിന് തീരുമാനിച്ചു.<br>**Essential:** First Class or High second class Post Graduate Degree in Rural Development/Economics/Regional Planning with Ph.D from the Recognised University. Minimum 5 years' experience in training and research. Publications in the relevant discipline.<br>**Desirable:** Experience in training of officials /non officials in the area of Rural Development.<br>1/1/2020 തീയതി വെച്ച് വയസ്സ് കണക്കാക്കേണ്ടതും പരമാവധി പ്രായപരിധി 45 വയസ്സ് ആക്കുവാനും തീരുമാനിച്ചു. | തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല |
| **ഐറ്റം നമ്പർ –04**<br>**റിസർച്ച് അസോസിയേറ്റ് നിയമനം – സംബന്ധിച്ച്**<br>തീരുമാനം<br>റിസർച്ച് അസോസിയേറ്റുകളായി | തീരുമാനപ്രകാരം റിസർച്ച് അസോസിയേറ്റ് തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതിന് പ്രമുഖ |

<table>
<tr>
<td>
സേവനമനുഷ്ഠിക്കുന്നവരുടെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനനുസരിച്ച് 3 വർഷത്തേക്ക് കരാർ നിയമനം നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് 3 വർഷക്കാലാവധിക്കു ശേഷം Performance Evaluation ന്റെ അടിസ്ഥാനത്തിലും കിലയിലെ HR പോളിസിക്ക് വിധേയമായും സ്ഥിരിപ്പെടുത്തുവാൻ തീരുമാനിച്ചു. തസ്തികയിലെ യോഗ്യതാ മാനദണ്ഡം താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.
<table>
<tr><td>Scale of Pay for thePost of Research Associate</td><td>Rs.29200-62400</td></tr>
<tr><td>Eligible Qualification (As amended by Executive Committee decision dated 24/10/2018 – Item No.4)</td><td>Essential Qualification<br>• Post Graduate Degree in Public Administration/ Political Science / Rural Development / Regional Planning / Area Planning/Mathematics/Statistics/in any related subject<br>• First class Graduation in Mathematics/Statistics<br>• Experience in collection of data and survey<br>• Certificate in data science and analytical programme – course not less than 3 months or the PG curriculum should include the topic<br>Desirable:<br>• M Phil.<br>• Publication of papers/ articles.<br>• Proficiency in Data base Management/Software/Big data Analytics Data Mining<br>• Past experience in Data Processing/Data Analysis</td></tr>
<tr><td colspan="2">അപേക്ഷ ക്ഷണിക്കുമ്പോൾ 3 വർഷത്തിന് ശേഷം സ്ഥിരപ്പെടുത്തിയേക്കാമെന്നും ആയത് കിലയുടെ HR പോളിസിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നും സൂചിപ്പിക്കണം. ലിസ്റ്റിന് ഒരു വർഷം കാലാവധിയുണ്ടാകും.</td></tr>
</table>
</td>
<td>പത്രങ്ങളിലും കില വെബ്സൈറ്റിലും പരസ്യം നൽകിയതിനെ തുടർന്ന് 180 അപേക്ഷകൾ ലഭ്യമായി. പ്രാഥമിക പരിശോധനയിൽ 97 അപേക്ഷകൾ നോട്ടിഫിക്കേഷൻ പ്രകാരം യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.</td>
</tr>
<tr>
<td>ഐറ്റം നമ്പർ –05<br><br>കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പാക്കുന്നത് സംബന്ധിച്ച്</td>
<td>തീരുമാനപ്രകാരം</td>
</tr>
<tr>
<td></td>
<td>തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ), കില</td>
</tr>
</table>

| | |
|---|---|
| തീരുമാനം<br><br>കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുന്നതിലേക്കായി 2 അംഗ കമ്മറ്റിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. കില ഡയറക്ടർ ജനറൽ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) എന്നിവർ അടങ്ങിയ കമ്മറ്റിയെയാണ് ചുമതലപ്പെടുത്തിയത്. എക്സിക്യൂട്ടീവ് കമ്മറ്റിക്കുവേണ്ടി ടി കമ്മറ്റി ശ്രീ. ബാബുവിനെ നേരിൽ കേട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. | ഡയറക്ടർ ജനറൽ എന്നിവരടങ്ങിയ 2 അംഗ കമ്മറ്റി ശ്രീ. ബാബുവിനെ 06/02/2021 തീയതിയിൽ Zoom മീറ്റിംഗ് മുഖേന നേരിൽ കേൾക്കുകയുണ്ടായി. 2 അംഗ കമ്മറ്റിയുടെ റിപ്പോർട്ട് **അജണ്ട ഐറ്റം നം .8** ആയി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് |
| **ഐറ്റം നമ്പർ –06**<br>റിപ്പോർട്ടിംഗ്<br>തീരുമാനം<br>1) കിലയുടെ പ്രവർത്തന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.<br>2) കരാർ/ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവനം പൂർത്തിയാക്കിയവരെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ പ്രൊബേഷൻ കാലയളവിൽ പിഎസ്സി നടത്തുന്ന അക്കൗണ്ട് ടെസ്റ്റ് (ലോവർ), **M.O.P** എന്നിവ പ്രൊബേഷൻ പ്രഖ്യാപനത്തിനായി പാസായിരിക്കണം | നടപടികൾ കൈക്കൊണ്ടിട്ടുണ്ട് |

ACTION TAKEN REPORT ON THE DECISION OF THE 11th EXECUTIVE COMMITTEE MEETING HELD ON 14/10/2020

| Executive Committee Decision | Action Taken |
|---|---|
| ഐറ്റം നമ്പർ :2<br>**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**<br>തീരുമാനം :<br>മുൻ എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങളിന്മേൽ എടുത്ത നടപടികൾ വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയും തുടർ നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമലപ്പെടുത്തി.<br>**11/03/2020 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച** | |
| **ഐറ്റം നമ്പർ : 07 – മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ .വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട )) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക- സംബന്ധിച്ച്**<br>കിലയിൽ നിന്ന് ശ്രീ. അജയകുമാറിന് നൽകിയ കുടിശ്ശിക തുക തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | തീരുമാന പ്രകാരം തുക ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് തുക ലഭ്യമായിട്ടില്ല. |
| **ഐറ്റം നമ്പർ : 09 –കിലയിൽ ഡ്രൈവർ തസ്തികയിലെ നിയമനം സംബന്ധിച്ച്–**<br>1. കില ഡയറക്ടർ ജനറലുടെ നടപടികൾ അംഗീകരിച്ചു.<br>2. 10 പേരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും ടി ലിസ്റ്റിന് മൂന്ന് വർഷക്കാലം പ്രാബല്യം ഉണ്ടായിരിക്കണം എന്നും തുടർന്നുള്ള ഒഴിവുകൾ ഇതിൽ നിന്നും നികത്തണമെന്നും തീരുമാനിച്ചു | ലഭ്യമായ അപേക്ഷകളിൽ യോഗ്യരായ 689 ഉദ്യോഗാർത്ഥികൾക്ക് ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന്റെ ആദ്യഘട്ടമായ എഴുത്തുപരീക്ഷ Centre for Management Development (CMD) മുഖേന 10/01/2021 തീയതിയിൽ നടത്തുകയുണ്ടായി. എഴുത്തുപരീക്ഷയിൽ യോഗ്യരായ 146 ഉദ്യോഗാർത്ഥികൾക്ക് രണ്ടാം ഘട്ടമായി പ്രാക്ടിക്കൽ ടെസ്റ്റ് 08/02/2021, 09/02/2021, 11/02/2021 എന്നീ തീയതികളിൽ കേരള മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ കിലയുടെ |

| | |
|---|---|
| | ഗ്രൗണ്ടിൽ നടത്തുകയുണ്ടായി. കേരള മോട്ടോർ വാഹന വകുപ്പ് പ്രാക്ടിക്കൽ ടെസ്റ്റിന്റെ റാങ്ക് ലിസ്റ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈകൊണ്ടു വരുന്നു. |
| **04.01.2019 തീയതിയിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച**<br><br>**ഐറ്റം നമ്പർ : 12**<br>**കില ജീവനക്കാരനായ ശ്രീ. ടി.എ സന്തോഷിന് ഇൻക്രിമെന്റും ഗ്രേഡും അനുവദിച്ചത് – സംബന്ധിച്ച്**<br>തീരുമാനം<br>കില ജീവനക്കാരനായ ശ്രീ. ടി. എ. സന്തോഷിന് അനുവദിച്ച് നൽകിയ ആനുകൂല്യം സംബന്ധിച്ച വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി പരിശോധിക്കുകയും ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കോടതി വിധി വരുന്ന മുറക്ക് തുടർനടപടികൾക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | കോടതി വിധി ലഭിച്ചിട്ടുണ്ട്. വിശദമായ **അജണ്ട ഐറ്റം നം. 10** ആയി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

| Executive Committee Decision | Action Taken |
|---|---|
| **ACTION TAKEN REPORT ON THE DECISIONS OF THE FIRST EXECUTIVE COMMITTEE HELD ON 29.08.2017** | |
| **Item No. 11 :Merging the Extension Training Centers with KILA – follow up** | |
| **Decision**: The Executive Committee authorized the Director, KILA, to submit a proposal before the Government for approval. Ownership of land, buildings and other equipment's other than those purchased by KILA, are to be kept as the property of the Commissioner of Rural Development.<br>Expedite the action from the part of Government on the request made by the Director KILA as per EC decision. | Request letter submitted to Government vide letter number 2018/101/3335 dated 28/07/2018 |

തീരുമാനം :

1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
   (1) മുൻ SIRD ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക കിലയിൽ നിന്ന് ടിയാന് നൽകിയത് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് അടിയന്തിരമായി കിലക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
   (2) ഡ്രൈവർ തസ്തികയിലേക്ക് നടത്തിയ നിയമന നടപടിയുടെ ഭാഗമായി പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം ഉണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ 17/02/2021 തീയതിയിലെ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ടി തീരുമാനം എക്സിക്യൂട്ടീവ് കമ്മറ്റിയെ അറിയിച്ചു.

**ഐറ്റം നമ്പർ : 03**

**2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്**

2021-22 സാമ്പത്തിക വർഷത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന ധനസഹായങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രധാന ധനസ്രോതസുകൾ ചുവടെ ചേർക്കുന്നു.

(1) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള കില- ഗ്രാൻറ് - ഇൻ- എയ്ഡ് (പ്ലാൻ) ഇനത്തിൽ 3000 ലക്ഷം രൂപയും കില - ഗ്രാൻറ് -ഇൻ- എയ്ഡ് (നോൺ പ്ലാൻ) ഇനത്തിൽ 42.12 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്.

(2) കേന്ദ്രസർക്കാരിൽ നിന്നും ആർജിഎസ്എ പ്രോജക്ടിന്റെ കാര്യശേഷി വികസന പദ്ധതിക്കായി കിലക്ക് 3253 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

(3) കില-സിഎച്ച്ആർഡി കൊട്ടാരക്കര സെൻററിലേക്ക് ലഭിക്കുന്ന ധനസഹായ വിഹിതം

| **കില-സിഎച്ച്ആർഡി കൊട്ടാരക്കര സെൻററിലേക്ക് ലഭിക്കുന്ന ധനസഹായ വിഹിതം** | |
|---|---|
| 1) **കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന** വിഹിതം (148 **ലക്ഷം രൂപ)** | (തുക ലക്ഷത്തിൽ) |
| a) കോർ ഫാക്കൽറ്റികളുടെ (7 പേർ) ശമ്പളവും ബത്തകളും | 48 .00 |
| b) പരിശീലനങ്ങളുടെ ചെലവിന്റെ 50% വിഹിതം | 75.00 |
| c) മറ്റുചെലവുകൾക്കുള്ള പരമാവധി വിഹിതം | 25.00 |
| 2) **സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാകുന്ന വിഹിതം** | |
| 1. സംസ്ഥാന സർക്കാർ കില-സിഎച്ച്ആർഡി കൊട്ടാരക്കരയിലെ മൊത്തം ചെലവിന്റെ (കോർ ഫാക്കൽറ്റികളുടെ ശമ്പളം കൂടാതെ) **50%** വിഹിതം | 150.00 |

(4) **പ്രോജക്ടുകൾ**

| |
|---|
| KILA SPV-KIIFB - 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ KIIFB ഫണ്ട് വഴി പശ്ചാത്തല സൗകര്യ വികസനത്തിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവഹണത്തിന് SPV ആയി കിലയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതിനാൽ ടി പ്രൊജക്ടിന്റെ Centage ഇനത്തിൽ രണ്ടാം ഗഡുവായി 464 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം കിലക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രോജക്ടിന്റെ നടത്തിപ്പിലേക്കുള്ള PMU Unit ലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ ചെലവുകൾ പൂർണ്ണമായും ടി Centage തുകയിൽ നിന്ന് വഹിക്കേണ്ടതുണ്ട്. |
| KILA SPV-KIIFB - 200 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ KIIFB ഫണ്ട് വഴി പശ്ചാത്തല സൗകര്യ വികസനത്തിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവഹണത്തിന് SPV ആയി കിലയെ |

| |
|---|
| ച്ചമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതിനാൽ ടി പ്രൊജക്റ്റിന്റെ Centage ഇനത്തിൽ ഒന്നാം ഗഡുവായി 936 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം കിലക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രോജക്റ്റിന്റെ നടത്തിപ്പിലേക്കുള്ള PMU Unit ലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ ചെലവുകൾ പൂർണ്ണമായും ടി Centage തുകയിൽ നിന്ന് വഹിക്കേണ്ടതുണ്ട്. |

(5) വിവിധ പ്രോജക്റ്റുകൾ

| മറ്റ് വിവിധ പ്രോജക്റ്റുകളുടെ സംക്ഷിപ്തരൂപം | | |
|---|---|---|
| # | പ്രോജക്റ്റിന്റെ പേര് | പ്രതീക്ഷിക്കുന്ന തുക (രൂപ ലക്ഷത്തിൽ) |
| (1) | UNDP - GoI - GEP - IHRML Project | 42.40 |
| (2) | Project UNEP ecosystem based Disaster Risk Reduction (Eco-DRR) | 30.00 |
| (3) | District Plan comparison - MOPR | 35.50 |
| (4) | കേന്ദ്ര സർക്കാരിന്റെ Jaljeevan Mission, SANKALP Project, World Bank മായി സഹകരിച്ചിട്ടുള്ള പ്രോജക്റ്റുകൾക്കായുള്ള പ്രാരംഭ ചർച്ചകൾ നടന്ന് വരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രോജക്റ്റുകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. തുക സംബന്ധിച്ച വിശദാംശം ലഭ്യമാവാത്തതിനാൽ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | |

(6) മറ്റ് ധനസഹായങ്ങൾ

| 1. സെന്റർ ഫോർ അർബൻ ഗവേണൻസ് –ധനസഹായം |
|---|
| കിലയിലെ സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അർബൻ ചെയറിലേക്ക് വേണ്ട ആവശ്യമായ ധനസഹായം സർക്കാർ ഉത്തരവിന്റെ 31/03/2020 തീയതിയിലെ സ.ഉ(സാധാ)നം.723/2020/തസ്വഭവ നമ്പർ ) അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വിഹിതമായി 200 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നു. ( ഓരോ കോർപ്പറേഷനിൽ (ആകെ – 6) നിന്നും 5 ലക്ഷം രൂപ വീതവും ഓരോ പഴയ മുനിസിപ്പാലിറ്റിയിൽ (ആകെ –59) നിന്നും 3 ലക്ഷം രൂപ വീതവും ഓരോ പുതിയ മുനിസിപ്പാലിറ്റിയിൽ (ആകെ –28) നിന്നും 1 ലക്ഷം രൂപ വീതവും) |
| 2. വനിതാ ഹോസ്റ്റൽ നിർമ്മാണം - ധനസഹായം |
| കിലയുടെ കൊട്ടാരക്കര കേന്ദ്രത്തിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ തുക വിഹിതമായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപ വീതം കിലക്ക് ലഭ്യമാക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ (27/12/2019 ലെ സ.ഉ (സാധാ) നം.2956/2019/തസ്വഭവ) അടിസ്ഥാനത്തിൽ 306 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ടി തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

**കാര്യശേഷി വികസന പദ്ധതിയുടെ നടത്തിപ്പ് -**

- കോവിഡ് 19 മഹാമാരിയുടെ പശ്ചായത്തലത്തിൽ മുൻകാലങ്ങളിലെ പോലെ ക്യാമ്പസ് കേന്ദ്രീകരിച്ച് പരിശീലന പ്രവർത്തനങ്ങൾ പൂർണ്ണമായും നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യശേഷി വികസനത്തിനായിട്ടുള്ള ശില്പശാലകൾ, പരിശീലനങ്ങൾ, ഓൺലൈൻ കോഴ്സുകൾ, ഫാക്കൽറ്റി/റിസോഴ്സ് അംഗങ്ങൾക്കുള്ള വർക്ക്ഷോപ്പുകൾ, ലൈവ് സ്ട്രീമിംഗ് പ്രോഗ്രാം എന്നിവ നടപ്പിലാക്കാൻ സാധ്യമാകും.
- ഈ സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികൾക്ക് വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.
- ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷവുമായി ബന്ധപ്പെട്ട പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

**2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ രത്നച്ചുരുക്കം ചുവടെച്ചേർക്കുന്നു.**

| Budget Estimate (brief) for the year 2021-22 | | | | | |
|---|---|---|---|---|---|
| | | | | | Rupees in Lakhs |
| **Sl No.** | **Particulars** | **Audited Accounts 2019-2020** | **Budget Estimate 2020-21** | **Revised total estimate 01/04/2020 to 31/03/2021** | **Budget Estimate 2021-22** |
| 1 | **Opening Balance(A)** | 6,077.97 | 4,827.98 | 4,853.24 | 7,696.65 |
| 2 | **Revenue Income(B)** | | | | |
| 2.1 | Grant from Government - Non-Plan fund | 448.12 | 525.27 | 526.59 | 340.12 |
| 2.2 | Income from Training programme | 526.86 | 321.09 | 329.03 | 399.69 |
| 2.3 | Interest from Bank | 68.04 | 28.86 | 26.12 | 28.74 |
| 2.4 | Other Income | 27.37 | 25.00 | 10.00 | 11.00 |
| 2.5 | Consultancy Charges for KIIFB Project | - | 100.00 | 304.75 | 1,400.00 |
| 2.6 | Development of Centers Handed Over to KILA – (Allocation under Grant in Aid Plan ) | 49.39 | 75.00 | 50.00 | 75.00 |
| 2.7 | Additional requirement for KILA CHRD - (Allocation under Grant in Aid Plan ) | 50.00 | 50.00 | 12.50 | 50.00 |
| | ***Sub Total (B)*** | *1,169.78* | *1,125.22* | *1,259.00* | *2,304.55* |
| | | | | | |
| 3 | **Project Income & Central Assistance (C)** | *611.41* | *4,703.37* | *2,049.03* | *3,391.42* |
| | | | | | |
| 4 | **Non-Capital Income (D)** | | | | |
| 4.1 | State Plan - (Non-Capital Income)2019-20 | 803.00 | | 579.98 | |

| Sl No. | Particulars | Audited Accounts 2019-2020 | Budget Estimate 2020-21 | Revised total estimate 01/04/2020 to 31/03/2021 | Budget Estimate 2021-22 |
|---|---|---|---|---|---|
| 4.2 | State Plan - (Non Capital Income) 2019-20 (e-LAM) - Grant | | | 735.00 | |
| 4.3 | State Plan - (Non Capital Income) | | 2,700.00 | 1,481.23 | 2,089.00 |
| 4.4 | Contribution from Urban Local Bodies | | 235.00 | 35.06 | 200.00 |
| | *Sub Total (D)* | *803.00* | *2,935.00* | *2,843.77* | *2,289.00* |
| | | | | | |
| 5 | **Capital Income(E)** | *220.76* | *2,527.62* | *699.20* | *1,382.26* |
| | | | | | |
| 6 | **Other Fund (F)** | | | | |
| 6.1 | KILA Pension/KILA General Provident Fund | - | 29.18 | 26.75 | 29.43 |
| | *Sub Total(F)* | - | *29.18* | *26.75* | *29.43* |
| | | | | | |
| | ***GRAND TOTAL INCOME (A+B+C+D+E+F)*** | ***8,882.92*** | ***16,148.37*** | ***11,730.98*** | ***17,093.30*** |
| | | | | | |
| 7 | **Revenue Expenses(G)** | | | | |
| 7.1 | Administration Expenses:- | 641.27 | 759.93 | 671.32 | 828.45 |
| 7.2 | Office Expenses:- | 55.62 | 49.57 | 27.83 | 30.61 |
| 7.3 | Training Expenses | 89.82 | 199.42 | 123.59 | 135.95 |
| 7.4 | Other Expenses | 91.17 | 116.32 | 131.00 | 109.53 |

| Sl No. | Particulars | Audited Accounts 2019-2020 | Budget Estimate 2020-21 | Revised total estimate 01/04/2020 to 31/03/2021 | Budget Estimate 2021-22 |
|---|---|---|---|---|---|
| 7.5 | KILA KIIFB - PMU Expense - | - | 768.75 | 88.51 | 1,200.00 |
| 7.6 | Depreciation | 213.14 | | | |
| | **Sub Total Revenue Expense (G)** | **1,091.02** | **1,893.98** | **1,042.25** | **2,304.54** |
| | | | | | |
| 8 | **Project Expenses/ Central Assistance Expenses(H)** | **1,616.21** | **4,014.41** | **1,085.71** | **4,603.02** |
| 9 | **Advances/sundry Debtors (I)** | **8.06** | | | |
| 10 | **State Plan - (Non-Capital Expenses) (J)** | **1,549.85** | **2,959.83** | **1,564.55** | **2,264.00** |
| 11 | **Capital Expenses - Development of Infrastructure (K)** | **10.00** | **3,541.48** | **341.83** | **3,776.41** |
| 15 | **Excess of Income over Expenditure (L)** | **(229.31)** | - | - | |
| 16 | **Closing Balance(M)** | **4,853.24** | **3,738.67** | **7,696.65** | **4,145.33** |
| | **GRAND TOTAL (G+H-I+J+K+L+M)** | **8,882.95** | **16,148.37** | **11,730.99** | **17,093.30** |

2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. .

2021-22 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.(അനുബന്ധം– 2)

**തീരുമാനം :**

1) 2021-22 **സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു അംഗീകരിച്ചു . എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു.**

2) Capacity Building Training of State & District Officials – SANKALP **പ്രോജക്ട് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ** Ministry of Skill Development & Entrepreneurship, Govt. of India **യും കിലയും സംയുക്ത കരാറിലേർപ്പെട്ടു.** 13/02/2021 **തീയതിയിൽ ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച ചടങ്ങിൽ വെച്ചാണ് കില ഡയറക്ടർ ജനറൽ കരാറിൽ ഒപ്പുവെച്ചത്. കിലയും ഒമ്പത്** Indian Institute of Management (IIM) **മാണ് ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി തെരഞ്ഞെടുത്തിട്ടുള്ളത് എന്നത് കില ഡയറക്ടർ ജനറൽ അറിയിച്ചതിനെത്തുടർന്ന് എക്സിക്യൂട്ടീവ് കമ്മറ്റി അഭിനന്ദനം രേഖപ്പെടുത്തി**

**ഐറ്റം നമ്പർ –04**

**FCRA അക്കൗണ്ട് – SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങുന്നത് – സംബന്ധിച്ച്**

കിലയുടെ മെമ്മോറണ്ടം ഓഫ് അസോസിയേഷൻ (MoA) റൂൾ 40 (II) പ്രകാരം കിലക്ക് വിദേശ .ധനസഹായം സ്വീകരിക്കാം എന്നതിനാൽ വിദേശ ധനസഹായം സ്വീകരിക്കുന്നതിനായി FCRA licence ലഭ്യമാകുന്നതിനുള്ള അപേക്ഷ 1999 ജൂൺ മാസം സമർപ്പിച്ചതിനെ തുടർന്ന് FCRA licence നമ്പർ 052900336 അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് 1999 ഒക്ടോബർ 20 ന് കേന്ദ്ര സർക്കാരിന്റെ Ministry of Home Affairs ന്റെ 11/21022/65(45)/99 – FCRA –III നമ്പർ കത്ത് പ്രകാരം ലഭിച്ചിട്ടുള്ളതാണ് **(അനുബന്ധം – 3)** . **Canara Bank Main Brach Thrissur** ൽ FCRA അക്കൗണ്ട് നമ്പർ 07201036762 മുഖാന്തിരമാണ് വിദേശ ധനസഹായം സ്വീകരിക്കുന്നത്.

കിലയും Swiss Agency for Development & Corporation (SDC) യും സംയുക്തമായി കരാറിൽ ഏർപ്പെട്ട് SDC ധനസഹായത്തോടുകൂടിയ CapDeck പ്രോജക്ട് 1999-2007 കാലഘട്ടം വരെ നടപ്പിലാക്കിയിട്ടുള്ളതാണ്. 1.11.2016 ൽ പുതുക്കിയ FCRA licence ന്റെ **(അനുബന്ധം – 4)** കാലാവധി 30.10.2021 വരെയാണ്. ഓരോ വർഷവും FCRA റിട്ടേൺ ഫയൽ ചെയ്യുന്നുണ്ട്.

FCRA Act 2020 ലെ പുതിയ വ്യവസ്ഥകളും (ഭേദഗതി വരുത്തിയ) ചട്ടങ്ങളും അനുസരിച്ച് വിദേശ ധനസഹായം സ്വീകരിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ന്യൂഡൽഹി ബ്രാഞ്ചിൽ FCRA Account തുടങ്ങണമെന്നും അത് വഴി മാത്രമേ തുക സ്വീകരിക്കാൻ പാടുള്ളൂ എന്നതിനാൽ SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങുന്നതിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. FCRA അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിനുള്ള Board Resolution സമർപ്പിച്ചാൽ മാത്രമേ അക്കൗണ്ട് തുടങ്ങാൻ സാധ്യമാവൂ എന്ന അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതിക്കും തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം :**
**SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അനുമതി നൽകി. കിലക്ക് FCRA അക്കൗണ്ട് നിലവിലുണ്ട് എന്നതിനാൽ തന്നെ പുതുക്കിയ മാർഗ്ഗനിർദ്ദേശം പാലിച്ചുകൊണ്ട് അക്കൗണ്ട് തുടങ്ങുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും വ്യക്തമായി പരിശോധിച്ച് വേണം നടപടികൾ എടുക്കാൻ.**

ഐറ്റം നമ്പർ -05

**സർവ്വീസ് ടാക്സ് അടക്കുന്നതിൽ നിന്നും കിലയെ ഒഴിവാക്കുന്നത്- സംബന്ധിച്ച്**

2015-16 & 2016-17 എന്നീ സാമ്പത്തിക വർഷത്തിൽ കിലക്ക്സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച Grant - In - Aid തുക ഉപയോഗിച്ച് നടപ്പിലാക്കിയ കാര്യശേഷി വികസന പദ്ധതികൾക്ക് സർവ്വീസ് ടാക്സ് ഇനത്തിൽ 3,45,94,778 രൂപയും Penality ഇനത്തിൽ 3454,000 രൂപയും അടക്കണമെന്ന് 29/01/2021 തീയതിയിലെ പ്രിൻസിപ്പൽ കമ്മീഷണർ, സെൻട്രൽ ടാക്സ് & സെൻട്രൽ എക്സൈസ്, കൊച്ചിയുടെ ഉത്തരവ് നം. COC-EXCUS-000-COM-13/2021/ST/Pr.Commr പ്രകാരം അറിയിപ്പ് ലഭിച്ചു (**അനുബന്ധം - 5**). ഇത് സംബന്ധിച്ച വിവരം വിശദ വിവരം ചുവടെ ചേർക്കുന്നു

- 06/04/2018 തീയതിയിലെ 22/2018/ST show cause notice പ്രകാരം പ്രിൻസിപ്പൽ കമ്മീഷണർ, Central Tax & Central Excise കൊച്ചിക്ക് 5.02 കോടി രൂപ 2015 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ പരിശീലന പരിപാടികൾ നടത്തിയ വകയിൽ സർവ്വീസ് ടാക്സ് ഇനത്തിൽ അടക്കുവാൻ കിലക്ക് ഉത്തരവ് ലഭിച്ചു.
- വിശദമായ മറുപടി നൽകിയതിനെത്തുടർന്നും നേരിട്ടുള്ള ഹിയറിംഗിന്റെ അടിസ്ഥാനത്തിലും സർവ്വീസ് ടാക്സ് ഇനത്തിൽ 1.56 കോടി രൂപ ഒഴിവാക്കിക്കൊണ്ട് 29/01/2021 തീയതിയിലെ ഉത്തരവ് പ്രകാരം 3.46 കോടി രൂപ സർവ്വീസ് ടാക്സ് ഇനത്തിലും 34.69 ലക്ഷം രൂപ പെനാൽറ്റി ഇനത്തിലും അടയ്ക്കേണ്ടതുണ്ട്.
- കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടത്തുന്ന പരിശീലന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ബാധകമല്ല എന്നതിനാൽ തന്നെ സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്കും സർവ്വീസ് ടാക്സ് ഒഴിവാക്കണമെന്നും കില ഒരു Govermmental Agency ആണെന്നതും Educational Activities ആണ് നടപ്പിലാക്കി വരുന്നത് എന്ന കിലയുടെ സാധുവായ വാദവും അംഗീകരിക്കാതെയുമാണ് സർവ്വീസ് ടാക്സ് ഈടാക്കി ഉത്തരവായിട്ടുള്ളത്.
- മേൽ വിഷയം സർവ്വീസ് ടാക്സ് കൺസൾട്ടന്റിന്റെ നിയമോപദേശ പ്രകാരം Customs, Excise &Service Tax Appallate Tribunal Banglore മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നത് ഉചിതമാണെന്ന് അറിയിച്ചിട്ടുണ്ട്. അപ്പീൽ ഫയൽ ചെയ്യുന്നതിലേക്ക് ഫീസ് ഇനത്തിൽ 10000 രൂപയും ഡിമാന്റ് ചെയ്തിരിക്കുന്ന സർവ്വീസ് ടാക്സ് തുകയുടെ 7.5% Pre-Deposit ചെയ്തുകൊണ്ട് 25.95 ലക്ഷം രൂപയോളം മുൻകൂർ അടക്കേണ്ടതുണ്ട്.

സർവ്വീസ് ടാക്സ് അടക്കുന്നത് ഒഴിവാക്കുന്നതിലേക്കായി 2018 ൽ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ തീർപ്പാക്കിയിട്ടില്ല ആയതിന്റെ വിശദാംശം ചുവടെച്ചേർക്കുന്നു

- 2011-12 മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ കില നടത്തിയ പരിശീലന പരിപാടികൾക്ക് 4.41 കോടി രൂപ സർവ്വീസ് ടാക്സ് അടയ്ക്കണം എന്ന് കാണിച്ചുകൊണ്ട് 29/09/2016 തീയതിയിൽ Central Excise commissioner, കോഴിക്കോട് കമ്മീഷണറേറ്റിൽ നിന്ന് 203/2016-ST നമ്പർ show cause notice ലഭിച്ചു. 30/07/2010 തീയതിയിലെ CBEC Circular No.125/7/2010 ST പരാമർശ പ്രകാരം centrally Sponsored Scheme പ്രോഗ്രാമുകൾക്ക് സർവ്വീസ് ടാക്സ് ബാധകമല്ല എന്നത് പരാമർശിച്ചുകൊണ്ട് വിശദമായ മറുപടി നൽകിയെങ്കിലും ആയത് പരിഗണിച്ചില്ല.

- ടി വിഷയം 30/04/2018 തീയതി കൂടിയ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുകയും **Appellate Tribunal** മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാൻ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചതിനെത്തുടർന്ന് 20/06/2018 തീയതിയിൽ **The Commissioner, Customs, Excise &Service Tax Appalate Tribunal Banglore** മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ് **(അനുബന്ധം –6).** ഇത് സംബന്ധിച്ച ഫയലിൽ തീർപ്പുകല്പിച്ചിട്ടില്ല.

29/01/2021 തീയതിയിലെ പ്രിൻസിപ്പൽ കമ്മീഷണർ, സെൻട്രൽ ടാക്സ് & സെൻട്രൽ എക്സൈസ്, കൊച്ചിയുടെ ഉത്തരവ് പ്രകാരം **സർവ്വീസ് ടാക്സ് ഇനത്തിൽ 3,45,94,778 രൂപയും** Penality **ഇനത്തിൽ 3454,000 രൂപയും ഒഴിവാക്കുന്നതിലേക്കായി** Customs, Excise &Service Tax Appalate Tribunal Banglore മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം :**

**കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കില നടത്തുന്ന പരിശീലന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ബാധകമല്ല എന്നത് സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനസഹായത്തിന്മേലും ബാധകമാക്കേണ്ടതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളെ ശാക്തീകരിക്കുന്നതിനുള്ള പരിശീലന പരിപാടിയാണ് സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ ആണ് പ്രസ്തുത പരിപാടികൾ കില സംഘടിപ്പിക്കുന്നത് . ആവശ്യമായ ഉയർന്ന തല നിയമോപദേശം സ്വീകരിച്ച കൊണ്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ലഭിക്കുന്ന സർവ്വീസ് ടാക്സ് ആനുകൂല്യം സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടത്തുന്ന പരിപാടികൾക്കും ബാധകമാക്കണമെന്ന അഭ്യർഥിച്ചുകൊണ്ട്** Customs, Excise &Service Tax Appalate Tribunal Banglore **മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

**സർവ്വീസ് ടാക്സ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാരിൽ നിന്നും നേരിട്ട് അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് അയക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ –06**

## കില ആസ്ഥാനത്തെ സെക്യൂരിറ്റി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്

കിലയുടെ സെക്യൂരിറ്റി കരാർ **All Kerala Ex-servicemen and Security Force Charitable Trust , Guruvayur** നാണ് 2018 ൽ ക്വട്ടേഷൻ വഴിയാണ് ലഭ്യമായത്. അവരുടെ സേവനം തൃപ്തികരമായതിനാൽ 2019 ൽ കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകുകയും ആയത് 4.1.2019 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ഡയറക്ടറുടെ തീരുമാനം സാധൂകരിക്കുന്നതോടൊപ്പം തന്നെ കരാർ തുകയുടെ 10% വർദ്ധനവ് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് 17/12/2019 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം വേതന വർദ്ധനവില്ലാതെ All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് കാലാവധി 31.12.2020 ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

31/12/2020 തീയതി സെക്യൂരിറ്റി കരാറിന്റെ കാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും ജോലിയിൽ തുടരുന്നതിന് തയ്യാറാണെന്നും ഇപ്പോഴത്തെ സാമ്പത്തിക വില സൂചികയുടെ അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിച്ചുതരണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുള്ള **All Kerala Ex-servicemen and Security Force Charitable Trust, Guruvayur** സെക്രട്ടറിയുടെ കത്ത് ലഭ്യമായിട്ടുണ്ട്. സേവനം തൃപ്തികരമായതിനാൽ കരാർ ഒരു വർഷത്തേക്ക് കൂടി പുതുക്കുന്നതിന് ഡയറക്ടർ ജനറൽ അനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ നൽകി വരുന്ന നിരക്ക് സംബന്ധിച്ച വിശദാംശം താഴെക്കൊടുക്കുന്നു.

| # | Duty Point | No. of Guards | Rate per Guard Per Day (Including GST) | Rate for One Month (Including GST) |
|---|---|---|---|---|
| 1 | Main Gate | 8 Hrs x3 = 3 Guards | 534 | 48060 |
| 2 | Aravalli Guest House | 8 Hrs x3 = 3 Guards | 534 | 48060 |
| 3 | SAS | 8 Hrs x3 = 3 Guards | 534 | 48060 |
| 4 | Reliever in Reception | 8 Hrs x2 = 2 Guards | 534 | 32040 |
| 5 | Night Watchman (Admin Block) | 8 Hrs x1 = 1 Guards | 534 | 16020 |
| | **TOTAL** | | | **192240** |

All Kerala Ex-servicemen and Security Force Charitable Trust, Guruvayur കരാർ ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകിയ നടപടി അംഗീകരിക്കുന്നതിനും ടി ഏജൻസിയുടെ അപേക്ഷ പ്രകാരം ന്യായമായ നിരക്ക് വർദ്ധനവ് സംബന്ധിച്ച തീരുമാനത്തിനായും എക്സിക്യൂട്ടീവ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം :**
**All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് കാലാവധി 31.12.2021 ദീർഘിപ്പിച്ച് നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു . സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം wage ഉറപ്പുവരുത്തി കരാർ തുക പുതുക്കുവാൻ തീരുമാനിച്ചു .തുടർനടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ –07**
**കിലയുടെ HR പോളിസി – സംബന്ധിച്ച്**

11/03/2020 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം കില ജീവനക്കാരുടെ യോഗ്യത, സേവനവ്യവസ്ഥ, പ്രമോഷൻ, പരിശീലനം, അന്യത്ര സേവനം, വിരമിക്കൽ, അച്ചടക്ക നടപടി മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര മാനവ വിഭവശേഷി (HR) പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയത് പ്രകാരം 20/03/2020 തിയതിയിലെ നമ്പർ KILA/2019/101/6579/HQ കത്ത് മുഖാന്തിരം HR പോളിസി തയ്യാറാക്കുന്നതിനായി കേരള ലോക്കൽഗവൺമെന്റ് കമ്മീഷന് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽഗവൺമെന്റ് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം രേഖകൾ കൈമാറുകയും ചെയ്തിട്ടുള്ളതാണ്.

കേരള ലോക്കൽഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy 11/02/2021 തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള LSGD -IB2/48/2021-LSGD നമ്പർ കത്ത് മുഖാന്തിരം കിലയിൽ ലഭ്യമാക്കുകയും HR പോളിസി സംബന്ധിച്ച കിലയുടെ Feed back അടിയന്തിരമായി അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ HR പോളിസി അനുബന്ധം –7 ആയി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം :**
**കേരള ലോക്കൽഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് റിപ്പോർട്ട് നൽകുവാൻ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഇതിനായി ജീവനക്കാരുടെ അഭിപ്രായം തേടുവാനും റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കാനും നിർദ്ദേശിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് അന്തിമ റിപ്പോർട്ട് ഗവേർണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കാനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ഇതിൽ ഫാക്കൽറ്റി അംഗങ്ങളെ സംബന്ധിച്ച കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കുന്നതിനായി ടി വിവരങ്ങൾ 2021 മാർച്ച് 7 ന് മുമ്പ് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു.**

ഐറ്റം നമ്പർ –08

**കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പാക്കുന്നതിനോടനുബന്ധിച്ച് ഹിയറിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്**

കില അസിസ്റ്റന്റ് ഡയറക്ടർ (ഭരണം) തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ബാബു. കെ. കെ, തന്നെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള പ്രമോഷന് പരിഗണിക്കണമെന്ന ആവശ്യവുമായി ബഹു. ഹൈക്കോടതിയിൽ WP(C) 24002/2020 നമ്പർ കേസ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), കില എക്സിക്യൂട്ടീവ് കമ്മറ്റി, ഡയറക്ടർ ജനറൽ, കില എന്നിവരെ എതിർക്ഷികളാക്കി ഫയൽ ചെയ്യുകയും ആയതിൻമേൽ 03/12/2020 തീയതിയിൽ പുറപ്പെടുവിച്ച വിധി ന്യായത്തിൽ ശ്രീ. ബാബു.കെ.കെ യുടെ നിവേദനം കില എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിച്ച് രണ്ടു മാസത്തിനകം തീർപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

04/01/2021 തീയതിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മറ്റിക്കുവേണ്ടി കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. യെ നേരിൽ കേൾക്കുന്നതിലേക്കായി കില ഡയറക്ടർ ജനറൽ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) എന്നീ 2 അംഗ കമ്മറ്റിയെ ചുമതലപ്പെടുത്തി തീരുമാനമായിട്ടുള്ളതാണ്.

എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം കില ഡയറക്ടർ ജനറൽ, തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) എന്നിവരടങ്ങിയ രണ്ടംഗ കമ്മറ്റി 06/02/2021 തീയതിയിൽ Zoom മീറ്റിംഗ് മുഖേന ശ്രീ. ബാബുവിനെ നേരിൽ കേട്ട് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ബാബു. കെ.കെ ഇപ്പോൾ വഹിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ പദവി അപ്ഗ്രേഡ് ചെയ്ത് ടിയാന്റെ പ്രമോഷൻ നടപ്പിലാക്കാവുന്നതാണ് എന്ന ശുപാർശയാണ് രണ്ടംഗ കമ്മറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. രണ്ടംഗ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് **(അനുബന്ധം-8)** തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:**

**കിലയിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാബു കെ.കെ. ഫയൽ ചെയ്ത കേസിലെ വിധിന്യായം നടപ്പാക്കുന്നതിനോടനുബന്ധിച്ച ഹിയറിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ആയത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടെ തുടർ ഉത്തരവിനായി സർക്കാരിലേക്ക് സമർപ്പിക്കുവാനും നടപടിക്രമങ്ങൾ സംബന്ധിച്ച വിവരം ബഹു.ഹൈക്കോടതിയെ അറിയിക്കുവാനും കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ: 09

**പ്രൊഫസ്സർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് അസോസിയേറ്റ് പ്രൊഫസ്സമാരായ ഡോ. പീറ്റർ എം. രാജ്, ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് വിധിന്യം സംബന്ധിച്ച് :**

ഡോ. പീറ്റർ എം. രാജ് 23.06.2004 മുതൽ കിലിയിൽ അസിസ്റ്റന്റ് പ്രൊഫസർ (പഞ്ചായിത്ത് രാജ്) തസ്തികയിലും, ഡോ.ജെ.ബി.രാജൻ, 02.06.2005 മുതൽ കിലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ (പ്ലാനിംഗ് മാനേജ്മെന്റ് & ഡവലപ്പ്മെന്റ്) തസ്തികയിലും ഡോ.എബി ജോർജ്ജ് 10.06.2005 മുതൽ അസിസ്റ്റന്റ് പ്രൊഫസ്സർ (ലോക്കൽ അഡ്മിനിസ്ട്രേഷൻ) തസ്തികയിലും 8000-275-13500 ശമ്പള സ്കെയിലിൽ 8000/- രൂപ അടിസ്ഥാനശമ്പളത്തിൽ കിലയിൽ ജോലിയ്ക്ക് പ്രവേശിച്ചു. 12.2.2015 ലെ **G.O(MS) No.**27/2015/**LSGD** സർക്കാർ ഉത്തരവ് പ്രകാരം 01.01.2006 മുതൽ ഈ തസ്തികകളിലേക്ക് ഉൾപ്പടെ യു.ജി.സി ശമ്പളപരിഷ്കരണവും **carrier advancement** തുടങ്ങിയ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചു. തുടർന്ന് സർവ്വീസ് കൺസൾട്ടന്റ് ആയ പ്രൊഫ.കെ.എസ്.ജയചന്ദ്രൻ, റിട്ട.പ്രിൻസിപ്പൽ, ശ്രീ കേരള വർമ്മ കോളേജ് നൽകിയ **fixation statement** പ്രകാരം താഴെ പറയുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ഇവർക്ക് നൽകി.

Award of four advance increments under Fifth UGC scheme at the time of joining with PhD and its arrears from the date of joining at KILA 23.06.2004, 02.06.2005 & 10.06.2005 respectively.

Fixation of pay consequent of pay under sixth UGC scheme with effect from 01.01.2006 (15600-39100+AGP 6000)

Fixation of pay due to promotion w.e.f 23.06.2008, 02.06.2009 & 10.06.2009 respectively as Assistant Professor with AGP 7000 (15600-39100+AGP 7000)

Fixation of pay due to further promotion w.e.f 23.06.2013, 02.06.2014 & 10.06.2014 respectively as Assistant Professor with AGP 8000 (15600-39100+AGP 8000)

സർക്കാർ ഉത്തരവ് G.O (P) No.58/2010/H.Edn dated 27.3.2010 (revision of pay of UGC ) പാര 6.1.12 പ്രകാരം (Assistant Professor completing 3 years of teaching in the AGP of Rs.8000 shall be eligible , subject to other conditions, that may be prescribed by the UGC and the University, to move to the Pay band of Rs.37400-67000 with AGP 9000 and to be designated as Associate Professor) അസിസ്റ്റന്റ് പ്രൊഫസ്സറായി മൂന്ന് വർഷം പൂർത്തിയായ യഥാക്രമം 22.06.2016 മുതൽ ഡോ. പീറ്റർ എം. രാജിനും 02.06.2017 മുതൽക്കും ഡോ.എബി ജോർജ്ജ് 10.06.2017 മുതൽക്കും pay band of Rs.37400-67000 with AGP 9000 നൽകി അസോസിയേറ്റ് പ്രൊഫസ്സറായി, ആയത് പ്രകാരം തുടർന്ന് വരുന്നു.

പ്രൊഫസ്സർ തസ്തികയിലേക്ക് പ്രൊമോഷൻ യഥാക്രമം 22.06.2019 മുതലും 10.06.2020 മുതലും പ്രൊമോഷൻ ആവശ്യപ്പെട്ട് ഡോ. പീറ്റർ എം. രാജും ഡോ.ജെ.ബി.രാജനും ഡോ.എബി ജോർജ്ജും അപേക്ഷ നൽകിയിട്ടുണ്ട്.

G.O(P) No.58/2010H.Edn dated 27.03.2010 (revision of pay of UGC staff)para 6.1.13 പ്രകാരം Associate Professor completing **3** years of service in the AGP of Rs.9000 and possessing a PhD in the relevant discipline shall be eligible to be appointed and designated as Professor, subject to other conditions of academic performance as laid down by the UGC and if any by the University. No teacher other than those with a PhD shall be promoted, appointed or designated as Professor. The Pay band for the Professors shall be Rs.**37400-67000** with AGP **10000.**

ഡോ. പീറ്റർ എം. രാജും ഡോ.ജെ.ബി.രാജനും ഡോ.എബി ജോർജ്ജും യഥാക്രമം 21.06.2019 ലും, 01.06.2020 ലും 09.06.2020 ലും അസോസിയേറ്റ് പ്രൊഫസ്സർ തസ്തികയിൽ മൂന്ന് വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഇക്കാര്യം 14.10.2020-ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി താഴെ പറയും പ്രകാരം തീരുമാനിച്ചു.

പ്രൊഫസർ തസ്തികയിൽ ഉദ്യോഗക്കയറ്റം സംബന്ധിച്ച് ഡോ. പീറ്റർ എം. രാജ്, ഡോ. ജെ.ബി. രാജൻ, ഡോ. എബി ജോർജ്ജ് എന്നിവർ സമർപ്പിച്ച അപേക്ഷ **HR** പോളിസി ലഭ്യമാക്കുന്നത് പ്രകാരം പരിഗണിക്കുവാൻ തീരുമാനിച്ചു. കേരള ലോക്കൽ ഗവണ്മെന്റ് കമ്മീഷനിൽ നിന്ന് HR പോളിസി അടിയന്തിരമായി കിലയ്ക്ക് ലഭ്യമാക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. തുടർന്ന് 16.01.2021-ൽ ഡോ. പീറ്റർ എം. രാജ്, ഡോ. ജെ.ബി. രാജൻ, ഡോ. എബി ജോർജ്ജ് എന്നിവർ കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ & തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് നൽകിയ **Representation** 27.01.2021-ൽ സർക്കാരിന് നൽകിയിട്ടുണ്ട് **(അനുബന്ധം-9)** തുടർന്ന് മേൽപറഞ്ഞവർ ബഹു. കേരള ഹൈക്കോടതിയിൽ WPC No. 2244/2021 എന്ന ഒരു റിട്ട് ഹർജി നൽകിയിട്ടുണ്ട്. തുടർന്ന് ഇതിന്മേൽ 28.01.2021-ൽ പുറപ്പെടുവിച്ച ഉത്തരവ് സഹിതം മേൽ പറഞ്ഞവർ 03.02.2021-ൽ കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാന് വീണ്ടും നൽകിയ Representation 11.02.2021-ൽ കിലയിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതോടൊപ്പം **അനുബന്ധം- 10** ആയി ചേർത്തിട്ടുണ്ട്.

മേൽ വിധിന്യായത്തിന്റെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്:.

There is a direction to 3rd Respondent (ie, Executive Committee of KILA) to take up, consider and pass orders on Ext. P11, representation (dtd 16.1.2021 submitted by them to to Executive Committee) preferred by the Petitioners, taking note of Exts P2 & P3 as well, within a period of two months from the date of Receipt of this judgment.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം :**

**കേരള ലോക്കൽഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച HR Policy പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഡയറക്ടർ (അർബൻ) എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. 2021 മാർച്ച് 7 നുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കണമെന്നും എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചു. ഇക്കാര്യം ബഹു.ഹൈക്കോടതിയെ അറിയിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ –10
**കില ജീവനക്കാരനായ ശ്രീ. ടി.എ സന്തോഷിന് ഇൻക്രിമെന്റും ഗ്രേഡും അനുവദിച്ചത് – WP(C) No. 1370/2020 കോടതി വിധി.**

25/03/1997 – ൽ കിലയിൽ ഖലാസി തസ്തികയിൽ സ്ഥിരം ജീവനക്കാരനായി ജോലിയിൽ പ്രവേശിച്ച ശ്രീ. ടി. എ സന്തോഷ് ഇപ്പോൾ കെയർ ടേക്കർ തസ്തികയിൽ ജോലി ചെയ്തുവരികയാണ്.

ശ്രീ. സന്തോഷ് 1.7.2000 ന് പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കില ഡയറക്ടറുടെ അനുമതി തേടുകയും കിലയുടെ മെമ്മോറാണ്ടവും ബൈലോയും അനുസരിച്ച് കില ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതിനോ പ്രാദേശിക ഭരണകൂടത്തിന്റെ പ്രവർത്തകരാകുന്നതിനോ തടസ്സമില്ലാത്തതിനാൽ ടിയാന് കില ഡയറക്ടർ No Objection സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിരുന്നു. ശ്രീ. സന്തോഷ് തെരഞ്ഞെടുപ്പിൽ മത്സരിച്ച് പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആയതിനെത്തുടർന്ന് ടിയാന് 4.10.2000 മുതൽ അഞ്ച് വർഷത്തേക്ക് ശമ്പളവും അലവൻസും ഇല്ലാതെ കിലയുടെ ബൈലോ 3 (2) പ്രകാരം അവധി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. 17.11.2000 ൽ ചേർന്ന കിലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കില ഡയറക്ടറുടെ നടപടി ക്രമവല്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡണ്ടായി അഞ്ച് വർഷത്തെ സേവന കാലാവധി പൂർത്തീകരിച്ചതിനെ തുടർന്ന് 15-7-2005 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിച്ചു.

G.O.(P) 28/98/G.Edn. Dated 16.1.1998, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമപ്രകാരം ഡ്യൂട്ടിയിൽ പങ്കെടുക്കാൻ അലവൻസില്ലാതെ പ്രത്യേക അവധി അനുവദിക്കണമെന്നും അത്തരം അവധി കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കുമെന്നും ആയത് G.O (MS) 142/99/Co.op dated 28.9.1999 സർക്കാർ ഉത്തരവുകൾ പ്രകാരം സഹകരണം വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. സന്തോഷിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ച കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കണമെന്ന് അപേക്ഷിച്ചതിനെത്തുടർന്ന് 14.3.2007 ന് ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ ടിയാന്റെ അപേക്ഷ അംഗീകരിച്ചു. ശ്രീ. സന്തോഷിന് പറപ്പൂക്കര പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലയളവിൽ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും നൽകുവാൻ 26/06/2012 ന് ചേർന്ന കില ഗവേണിംഗ് കൌൺസിൽ യോഗം തീരുമാനമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി യാന് ആനുകൂല്യം അനുവദിച്ച് നൽകി.

ശ്രീ. സന്തോഷിന് വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡുകളും അനുവദിക്കുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭിച്ചിട്ടില്ല എന്ന് 2009-10 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് 23.11.2012 തീയതിയിലെ സർക്കാർ കത്ത് പ്രകാരം ശ്രീ. സന്തോഷിന് അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും വഴി അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കാനും നിർദ്ദേശിച്ചു. കില ജനറൽ കൌൺസിലിന്റെ അംഗീകാര പ്രകാരം നൽകിയ തുക തിരിച്ചുപിടിക്കരുതെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ശ്രീ. സന്തോഷിന്റെ 26/12/2012

തീയതിയിലെ അപേക്ഷ കില ഡയറക്ടർ മുഖാന്തിരം 31/12/2012 ന് സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാന് നൽകിയ തുക സംബന്ധിച്ച വിശദാംശം സർക്കാരിലേക്ക് നിർദ്ദേശിച്ചതിനെത്തുടർന്ന് 11.8.2013 ലെ കില ഡയറക്ടറുടെ കത്ത് മുഖാന്തിരം ഏകദേശം 1.6 ലക്ഷം രൂപ ഉണ്ടെന്നറിയിക്കുകയും ചെയ്തു.

ജനറൽ കൗൺസിലിന്റെ തീരുമാന പ്രകാരം അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും പ്രകാരം കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിനെതിരെ ശ്രീ. സന്തോഷ് ടി എ ബഹു. ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി **(Case No.WP (C) No. 16952/2013). 14.08.2018** ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ പെറ്റീഷണറുടെ അസുഖം, ഭാര്യയുടെ മരണം, മക്കളുടെ പരിപാലനം, അപേക്ഷകന്റെ ഇപ്പോഴത്തെ ശാരീരികവും സാമ്പത്തികവുമായ അവസ്ഥ എന്നിവ കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ ബന്ധപ്പെട്ട അതോറിറ്റി ശ്രദ്ധിക്കേണ്ടതാണ് എന്ന് പ്രത്യേകം പ്രസ്താവിച്ചിരുന്നു. കിലയുടെ അഭിപ്രായം ശേഖരിച്ചിട്ടും ശ്രീ. സന്തോഷിനെ നേരിൽ കേൾക്കുയുണ്ടായിട്ടും ടിയാന് നൽകിയ തുക തിരിച്ചുപിടിക്കാനായിട്ടുള്ള ഉത്തരവാണ് 13.05.2020 തീയതിയിലെ സർക്കാർ ഉത്തരവ് നം (എംഎസ്) നമ്പർ 75/2020/തസ്വഭവ പ്രകാരം കിലക്ക് ലഭ്യമായിട്ടുള്ളത്. തുടർന്ന് ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചുപിടിക്കുന്നതിനെതിരെ ശ്രീ. സന്തോഷ് ബഹു. ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിൽ **(WP(C) No.13170/2020(U) dt.4/8/2020)** തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

കിലയുടെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കൗൺസിലിന്റേയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ കില ജനറൽ കൗൺസിന്റേയും അംഗീകാരത്തോടെ അനുവദിച്ച് നൽകിയ ആനുകൂല്യം തിരിച്ച് പിടിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പുനപരിശോധിക്കുന്നതിനായി ശ്രീ.സന്തോഷ് ടി. എ യുടെ അപേക്ഷ 14.10.2020-ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു. ടി വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും ആയത് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കോടതി വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾക്കായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി 14.10.2020-ൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമായിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ 11.01.2021 തീയതിയിലെ വിധിന്യായം WP(C) No. 13170/2020 നമ്പറിലെ (**അനുബന്ധം – 11.**) പ്രസക്ത ഭാഗം ചുവടെച്ചേർക്കുന്നു

"The writ petition settling aside Ext. P19 [G.O.MS.No.75/2010/LSGD dtd. 13.05.2020] with a concomitant direction to its Secretary to issue fresh order expressly bearing in mind the various observations and findings in Ext.19 Judgement dtd. 14/8/2008 in WP(C) No. 16952/2013."

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമപ്രകാരം ഡ്യൂട്ടിയിൽ പങ്കെടുക്കാൻ

അലവൻസില്ലാതെ പ്രത്യേക അവധി അനുവദിച്ചുകൊണ്ടും അത്തരം അവധി കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കിക്കൊണ്ടുള്ള ഉത്തരവും (G.O.(P) 28/98/G.Edn. Dated 16.1.1998) ആയത് സഹകരണം വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ള (G.O (MS) 142/99/Co.op dated 28.9.1999) ഉത്തരവും കണക്കിലെടുത്ത് 5 വർഷം പഞ്ചായത്ത് പ്രസിഡണ്ടായി പ്രവർത്തിച്ച ശ്രീ. സന്തോഷിന് അനുവദിച്ച് നൽകിയ ആനുകൂല്യം തിരിച്ച് പിടിക്കുന്നത് പുനഃപരിശോധനക്കുന്നതിനും അനുകൂല പരിഗണനക്കുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിയ്ക്കുന്നു.

**തീരുമാനം :**

**ശ്രീ. സന്തോഷിന് അനുവദിച്ച് നൽകിയ വാർഷിക ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും വഴി അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കാനുള്ള സർക്കാർ നിർദ്ദേശവും ബഹു ഹൈക്കോടതിയുടെ വിധിന്യായവും എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. കിലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ. സന്തോഷിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കാലയളവിലെ ഇൻക്രിമെന്റും ഉയർന്ന ഗ്രേഡും കിലയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയും, ഗവേർണിംഗ് കൌൺസിലും അംഗീകരിച്ച് നൽകിയിട്ടുള്ള തുക തിരിച്ചുപിടിക്കുന്നത് ഔചിത്യമല്ല എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി. മുൻ കില എക്സിക്യൂട്ടീവ് കൌൺസിലിന്റേയും 26/06/2012 ന് ചേർന്ന കില ജനറൽ കൌൺസിലിന്റേയും അംഗീകാരത്തോടെ അനുവദിച്ച് നൽകിയ ആനുകൂല്യം താഴെപ്പറയുന്ന കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് തിരിച്ചു പിടിക്കേണ്ടതില്ല എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു**

1) **തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ടായി സ്ഥാനമേറ്റെടുത്ത് അഞ്ച് വർഷക്കാലം പ്രവർത്തിച്ചത് കിലക്ക് എന്നും അഭിമാനാർഹമാണ് എന്ന് വിലയിരുത്തിന്റെ അടിസ്ഥാനത്തിൽ**
2) **ബഹു. ഹൈക്കോടതിയുടെ WP (C) No. 16952/2013 കേസിന്റെ അന്തിമ വിധിന്യായത്തിൽ ശ്രീ. സന്തോഷ് ടി എ. യുടെ അസുഖം, ഭാര്യയുടെ മരണം, മക്കളുടെ പരിപാലനം, അപേക്ഷകന്റെ ഇപ്പോഴത്തെ ശാരീരികവും സാമ്പത്തികവുമായ അവസ്ഥ എന്നിവ കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ ബന്ധപ്പെട്ട അതോറിറ്റി ശ്രദ്ധിക്കേണ്ടതാണ് എന്ന പ്രത്യേക പരാമർശം അംഗീകരിച്ചുകൊണ്ട്**
3) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമപ്രകാരം ഡ്യൂട്ടിയിൽ പങ്കെടുക്കാൻ അലവൻസില്ലാതെ പ്രത്യേക അവധി അനുവദിച്ചുകൊണ്ടും അത്തരം അവധി കാലയളവ് ഇൻക്രിമെന്റുകൾക്കും ഉയർന്ന ശമ്പളത്തിനും പെൻഷനുമായി കണക്കാക്കിക്കൊണ്ടുള്ള ഉത്തരവും (G.O.(P) 28/98/G.Edn. Dated 16.1.1998) ആയത് സഹകരണം വകുപ്പിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ള (G.O (MS) 142/99/Co.op dated 28.9.1999) ഉത്തരവുകൾ കണക്കിലെടുത്ത്**

**മേൽ തീരുമാനം നടപ്പിലാക്കുന്നതിനും ആയതു സർക്കാരിലേക്ക് അറിയിക്കുവാനും കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. കില ഒരു സ്വയംഭരണ സ്ഥാപനമാണെന്നും ആയതിനാൽ ടിയാന് അനുവദിച്ച് നൽകിയ തുക സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നില്ല എന്ന വിവരവും സർക്കാരിലേക്ക് അറിയിക്കുവാനും നിർദ്ദേശിച്ചു.**

ഐറ്റം നമ്പർ –11

**KILA GPF Scheme ആനുകൂല്യം ബാധകമാക്കുന്നത് – സംബന്ധിച്ച്**

കില ജീവനക്കാർക്ക് 24/10/2014 തീയതിയിലെ G.O(Ms) No.183/2014/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KILA Employees Pension Rule ബാധകമാക്കിക്കൊണ്ടും 01/04/2013 ന് ശേഷം കിലയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് NPS ബാധകമാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

പെൻഷൻ ആനുകൂല്യം ലഭ്യമായിട്ടുള്ള ജീവനക്കാർക്ക് KILA GPF Rule ബാധകമാക്കിക്കൊണ്ട് 19/05/2015 തീയതിയിലെ ഉത്തരവ് (കൈ) നം. 170/2015/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതുപ്രകാരം തൃശ്ശൂർ ജില്ലാ ട്രഷറിയിൽ അക്കൌണ്ട് ആരംഭിച്ച് KILA GPF Scheme നടപ്പിലാക്കിയിട്ടുണ്ട് **(അനുബന്ധം – 12)**

കിലയിൽ 01/04/2013 ന് ശേഷം സ്ഥിരം നിയമനം ലഭിച്ചതും NPS ആനുകൂല്യം ബാധകമാക്കിയിട്ടുള്ള ജീവനക്കാർക്ക് KILA GPF Rule ബാധകമാക്കുന്നതിനുള്ള നടപടി ആവശ്യമാണ്.

സംസ്ഥാന സർക്കാരിന്റെ വിജ്ഞാപനം G.O (p) No. 135/2014//Fin dated 08/04/2014 പ്രകാരം കിലയിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ സമ്മത പത്രം ആവശ്യമാണ് എന്ന അറിയിപ്പ് Pension Fund Regulatory and Development Authority (PFRDA) നിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമ്മത പത്രം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**01/04/2013 ന് ശേഷം കിലയിൽ നിയമനം ലഭിച്ച ജീവനക്കാർക്ക്** KILA GPF Rule **ആനുകൂല്യം ബാധകമാക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**തീരുമാനം :**

**കിലയിൽ 01/04/2013 ന് ശേഷം സ്ഥിരം നിയമനം ലഭിച്ചതും NPS ആനുകൂല്യം ബാധകമാക്കിയിട്ടുള്ള ജീവനക്കാർക്ക് KILA GPF Rule ബാധകമാക്കുന്നതിനുള്ള നടപടി ആവശ്യമാണ് എന്ന് വിലയിരുത്തുകയും ടി ജീവനക്കാർക്ക് KILA GPF Rule ആനുകൂല്യം ബാധകമാക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു തുടർനടപടികൾക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ഡയറക്ടർജനറലിനെ ചുമതലപ്പെടുത്തി .**

ഐറ്റം നമ്പർ -12

## കില – കൊ ട്ടാരക്കര സെന്ററിലെ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണം

2019-20 സാമ്പത്തിക വർഷത്തെ ധനസഹായത്തിൽ 30 ലക്ഷം രൂപ കില കൊട്ടാരക്കര സെന്ററിലെ (KILA-CHRD) നിലവിലുണ്ടായിരുന്ന പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി 01/10/2019 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)2150/2019/LSGD പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. ടി തുക 6/10/2020 തീയതി സർക്കാർ ഉത്തരവ് GO(Rt)1823/2020/LSGD പ്രകാരം 30/10/2020 തീയതി കിലക്ക് ലഭ്യമാക്കുകയുണ്ടായി .

കില കൊട്ടാരക്കര സെന്ററിലെ 3 ക്വാർട്ടേഴ്സുകൾ (ഉപയോഗിക്കുവാൻ പറ്റാത്ത സാഹചര്യത്തിൽ ക്രമ പ്രകാരം നടപടി സ്വീകരിച്ച് 17/11/2020 തീയതി demolish ചെയ്യേണ്ടിവന്നു. ക്വാർട്ടേഴ്സുകൾ പൊളിച്ചു നീക്കം ചെയ്തതിനാൽ പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിനായി വിനിയോഗിക്കുവാൻ സാധ്യമായില്ല .

കില കൊട്ടാരക്കര സെന്ററിലെ ക്യാമ്പസിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് (ടൈപ്പ്-എ), പുതിയ അക്കാദമിക് കെട്ടിടം, എന്നിവ ഇന്റർലോക്ക് ബ്രിക്സ് ഉപയോഗിച്ചാണ് 2012-16 കാലഘട്ടത്തിൽ നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ പുറം ചുവരുകൾ പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ല, മുറികളിൽ ഷെൽഫുകൾ ഇല്ല.. നിലവിൽ ബേയ്സ്മെന്റിൽ നിന്നും ഒരടിയോളം പൊക്കത്തിലുള്ള ഇന്റർലോക്ക് ഇഷ്ടികകൾ നനഞ്ഞു അടർന്ന് വീണുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്.. ഇത് കെട്ടിടത്തിന്റെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്നുണ്ട്.

.പ്രസ്തുത സാഹചര്യത്തിൽ ഭരണാനുമതി ലഭിച്ച തുക വിനിയോഗിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് ടൈപ്പ് -എ, പുതിയ അക്കാഡമിക് ബ്ളോക്ക് എന്നിവയുടെ പ്ളാസ്റ്ററിംഗ്, റൂഫിംഗ് വർക്കുകൾ, ചുറ്റമതിൽ/ഫെൻസിംഗ് എന്നീ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിന് പര്യാപ്തമായ രീതിയിൽ കൊട്ടാരക്കര ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുമുണ്ട് **(അനുബന്ധം -13)** വിശദാംശം ചുവടെച്ചേർക്കുന്നു.

| പ്രവർത്തികൾ | എസ്റ്റിമേറ്റ് തുക |
|---|---|
| പുതിയ അക്കാദമിക് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് (ടൈപ്പ്-എ) എന്നീ കെട്ടിടങ്ങളുടെ പ്ളാസ്റ്ററിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ | 6,10,000 |
| സ്റ്റാഫ് ക്വാർട്ടേഴ്സ് (എ.ടൈപ്പ് ) റൂഫിംഗ് വർക്ക് | 6,47,000 |
| പുതിയ അക്കാഡമിക് ബ്ലോക്ക് -റൂഫിംഗ് വർക്ക് | 7,77,000 |
| ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ് side wall & wired fencing | 5,90,000 |
| ആകെ | 26,24,000 |

**കില-കൊട്ടാരക്കര സെന്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപ വിനിയോഗിച്ച് മേൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിനും ടി എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തികൾ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ മുഖേന നടത്തുന്നതിനുമുള്ള അനുമതിക്കുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു .**

**തീരുമാനം :**

1) കില-കൊട്ടാരക്കര സെന്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപ വിനിയോഗിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സുമായി ബന്ധപ്പെട്ട പ്രവർത്തികളായ സ്റ്റാഫ് ക്വാർട്ടേഴ്സ് (ടൈപ്പ്-എ) പ്ലാസ്റ്ററിംഗ്, റൂഫിംഗ് വർക്ക് എന്നിവ എസ്റ്റിമേറ്റ് പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ മുഖേന നടത്തുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു
2) മറ്റു പ്രവർത്തികൾ കില-കൊട്ടാരക്കര സെന്ററിലെ പഴയ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ച 30 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ -13**

**കില-സി.എച്ച് .ആർ .ഡി ,കൊട്ടാരക്കര -അടിസ്ഥാനസൗകര്യവികസനം - നിർമ്മാണപ്രവർത്തികൾ സംബന്ധിച്ച്.**

1). **നിർമ്മിതികേന്ദ്രം മുഖേന നടത്താവുന്ന പ്രവർത്തികൾ അനുമതി-**

കിലയുടെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കിലയുടെ വിവിധ സെന്ററുകളുടെ Infrastrcture Development-ന് 175 ലക്ഷം രൂപ വകയിരുത്തി സ.ഉ.(സാധാ)നം.1330/2020/ത.സ്വ.ഭ.വ തീയതി 03.07.2020 പ്രകാരം ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കില സി.എച്ച്.ആർ.ഡി- യിൽ ഇൻസ്റ്റിട്യൂട്ടിനോടു ചേർന്ന് ചായ/ലഘുഭക്ഷണം എന്നിവ നൽകുന്നതിന് ക്യാബിൻ, വാഹനപാർക്കിംഗിന് ലൈബ്രറിക്കു സമീപം ഷെഡ്/ഗ്യാരേജ്, അക്കാഡമിക് ബ്ലോക്കിനും ലൈബ്രറിക്കും പിൻവശം ടോയ് ലറ്റ് ബ്ലോക്ക്,അക്കാഡമിക് ബ്ലോക്കിന്റെ ഒന്നാം നിലയിലെ ബാൽക്കണിയിൽ പാർടിഷൻ ജോലികൾ എന്നിവയുടെ നിർവ്വഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അത്യാവശ്യ പ്രവൃത്തികൾ ഈ സാമ്പത്തികവർഷം പൂർത്തീകരിക്കാനാകുന്നവ ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം ടി വർക്കുകൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ അക്രഡിറ്റഡ് എജൻസിയായ നിർമ്മിതി കേന്ദ്രത്തിനോട് ആവശ്യപ്പെടുകയും ടി ഏജൻസി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| SL No | . Name of work | Amount (Rs.) |
|---|---|---|
| 1. | Partition for sit out at First Floor Office Building | 124000 |
| 2. | Partition for Toilet Block . | 837000 |
| 3. | Tea Supply Cabin near Academic Block | 321000 |
| 4. | Vehicle garage | 1464000 |
| 5. | Total | 2746000 |

(Including GST 12%, Institution Fee 8% Institution Fee GST 18% Flood cess 1%) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കാമെന്ന് നിർമ്മിതികേന്ദ്രം അധികൃതർ അറിയിച്ചിട്ടുമുണ്ട് .മേൽ സാഹചര്യത്തിൽ കൊട്ടാരക്കര കിലസി.എച്ച്.ആർഡി യിലെ പ്രവൃത്തികൾ ടി എസ്റ്റിമേറ്റ് **(അനുബന്ധം – 14)** അംഗീകരിച്ച് നിർമ്മിതി കേന്ദ്രം കൊട്ടാരക്കര മുഖാന്തിരം **നിർവ്വഹണം നടത്തുന്നതിനുള്ള അനുമതിക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

2). **ഓഫീസ് ക്യാബിൻ ,റെക്കോർഡ് റൂം സജ്ജീകരിക്കുന്നത് സംബന്ധിച്ച്**

കിലയുടെ സെന്ററുകൾ അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി കൊട്ടാരക്കര സെന്ററിൽ ഓഫീസ് കാബിൻ,റെക്കോർഡ് റൂം, **Stair (reception area)** എന്നിവ സജ്ജീകരിക്കേണ്ടതുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ **ARTISANS**

**Development Co operatative Limited,** കൊല്ലം ടി പ്രവർത്തികൾക്കായി 24,44,375/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. **അനുബന്ധം 15.**

ARTISANS Development Co operatative Limited ,കൊല്ലം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത ഏജൻസി മുഖാന്തിരം പദ്ധതി നിർവഹണം നടത്തുന്നതിനുള്ള അനുമതിക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു

**തീരുമാനം :**

1) **കൊട്ടാരക്കര കിലസി.എച്ച്.ആർഡി യിലെ പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരം നിർമ്മിതികേന്ദ്രം മുഖേന നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകി**
2) **കൊട്ടാരക്കര കിലസി.എച്ച്.ആർഡി യിലെ ഓഫീസ് ക്യാബിൻ റെക്കോർഡ് റൂം സജ്ജീകരിക്കുന്നതിനായുള്ള പ്രവർത്തികൾക്കായി ARTISANS Development Co operatative Limited ,കൊല്ലം ലഭ്യമാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് ടി ഏജൻസി മുഖാന്തിരം പദ്ധതി നിർവഹണം നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകി**

**ഐറ്റം നമ്പർ -14**

**ഇ.മൊബിലിറ്റി പ്രോജക്ട്- ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ കില ആസ്ഥാനത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച്-**

സംസ്ഥാന സർക്കാരിന്റെ ഇ-മൊബിറ്റി പ്രോജക്ടിന്റെ ഭാഗമായി 14 ജില്ലകളിലും ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ANERT ന്റെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിൽ നിന്നും കില ആസ്ഥാനത്ത് EV Public Charging Station സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട് **(അനുബന്ധം – 16 )**

EV Public Charging Station (Area – 1000 Sq.Feet) അനെർട്ടിന്റെ ചെലവിൽ കില കാമ്പസിൽ സ്ഥാപിക്കുകയും ആയതിനാവശ്യമായ വൈദ്യുതി സഹായം KSEB നൽകുകയും സ്ഥാപനത്തിന്റെ Commissioning, Installation Operation & Maintenance എന്നിവ OEM യും Energy Efficiency Services Limited ഉം സംയുക്തമായി നിർവ്വഹിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

കില ആസ്ഥാനത്ത് EV Public Charging Station സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

**തീരുമാനം :**
**ഇ.മൊബിലിറ്റി പ്രോജക്ടിന്റെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങളുടെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ കില ആസ്ഥാനത്ത് സ്ഥാപിക്കുന്നത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു.**

**ഐറ്റം നമ്പർ -15**
**ഇലക്ട്രിക് കാർ Lease ന് എടുക്കുന്നത് -സംബന്ധിച്ച്-**

01.04.2020 മുതൽ എല്ലാ ഡിപ്പാർട്ടുമെൻറുകളും ഡീസൽ കാറുകൾക്ക് പകരം ഇലക്ട്രിക് കാറുകൾ ലീസിന് എടുത്ത് ഉപയോഗിക്കേണ്ടതാണ് എന്ന് 07103/2020 തീയതിയിലെ G.o(P)No.24 /2020/Fin പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനോടനുബന്ധിച്ച് അനർട്ടിന്റെ നേതൃത്വത്തിൽ ഇലക്ട്രിക് കാറുകൾ വാടകക്കെടുക്കുന്നതിനെകുറിച്ചുള്ള മാർഗ്ഗ നിർദ്ദേശ്ശങ്ങൾ ഉൾക്കൊള്ളിച്ചുള്ള 10.11.2020 തീയതിയിലെ സർക്കുലർ നം. ANERT-TECH/55/2020-D-T ലഭ്യമാക്കിയിട്ടുണ്ട് **(അനുബന്ധം - 17).** ആയത് പ്രകാരം മിനിമം ഡിപ്ലോയ്മെന്റ് കാലാവധി 8 വർഷമാണ്. ഒരു കിലോമീറ്റർ ഓടുന്നതിനുള്ള ശരാശരി വൈദ്യുതി ചെലവ് ഒരു രൂപ എന്ന് കണക്കാക്കുന്നു. പ്രതിമാസ Lease Rate Rs.27540+5% GST വാർഷിക വർദ്ധനവ് 5%. വാറന്റിയുള്ള ആദ്യ മൂന്ന് വർഷത്തിന് ശേഷം മോട്ടോറും ബാറ്ററിയും ഒഴികെയുള്ളവയുടെ റിപ്പയറിംഗ് വാടകക്കെടുത്ത സ്ഥാപനം വഹിക്കണം.

**മേൽ സർക്കുലറിൽ പരാമർശിച്ചിട്ടുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി കിലയിൽ ആവശ്യാനുസരണം ഇലക്ട്രിക് വാഹനങ്ങൾ Lease ന് എടുക്കുന്നതിനുള്ള അനുമതിക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം :**
**സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി കിലയിൽ ഒരു ഇലക്ട്രിക് വാഹനം Lease ന് എടുക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകാരം നൽകി. ക്യാമ്പസിനകത്ത് ഉപയോഗിക്കുവാൻ സാധിക്കുന്ന വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ചെറിയ വാഹനം വാങ്ങുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ -16**
**കില ഓഡിറ്റോറിയം നവീകരണം – സംബന്ധിച്ച്**

2017-18 സാമ്പത്തിക വർഷത്തിലെ സർക്കാർ ധനസഹായം ലഭ്യമായതിൽ 300 ലക്ഷം രൂപ കില ഓഡിറ്റോറിയം നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം മെയ് 2018 ൽ ആണ് ലഭ്യമായിട്ടുള്ളത്. ഓഡിറ്റോറിയം നവീകരണത്തിന്റെ ഭരണാനുമതി ലഭ്യമായതിൽ 100 ലക്ഷം രൂപ സിവിൽ ആന്റ് അകൗസ്റ്റിക്ക് വർക്കുകൾക്കും 200 ലക്ഷം രൂപ ഇലക്ട്രിക്/ എയർക്കണ്ടീഷൻ/ ഓഡിയോ വീഡിയോ മുതലായവക്കുമാണ്. ഓഡിറ്റോറിയം നവീകരണത്തിന്റെ ആദ്യ ഘട്ടമായി സിവിൽ വർക്ക് 59.20 ലക്ഷം രൂപ അകൗസ്റ്റിക് വർക്ക് 40.80 ലക്ഷം രൂപയും ചേർത്ത് ആകെ 100 ലക്ഷം രൂപയുടെ പ്രവർത്തികൾക്കായി Thrissur District Labour Contract Co-Operative Society (TDLCCS) എന്ന സ്ഥാപനവുമായി 07.03.2019 തീയതിയിൽ കരാർ ഒപ്പുവെച്ച് പ്രവർത്തികൾ പൂർത്തീകരിച്ചു. ഓഡിറ്റോറിയം നവീകരണത്തിന്റെ ഭാഗമായി അകൗസ്റ്റിക്/ഓഡിയോ/വീഡിയോ പ്രവർത്തികളുടെ സാങ്കേതികാനുമതിക്കായി. ഡോ. ബാലഗോപാലൻ, പ്രൊഫസർ (റിട്ട) IIT, പ്രൊഫ. വി.കെ.ലക്ഷമണൻ നായർ, പ്രൊഫസർ (റിട്ട), ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, ശ്രീ. വി.വി.സുധാകരൻ, സൂപ്രണ്ടിംഗ് എൻജിനീയർ (റിട്ട), പൊതുമരാമത്ത് വകുപ്പ്, ഡോ. മനോജ്, അസോസിയേറ്റ്പ്രൊഫസർ, ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, സുരേഷ് കെ. ദാമോദരൻ, അസോസിയേറ്റ് പ്രൊഫസർ, ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ എന്നിവർ ഉൾപ്പെട്ട വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. അകൗസ്റ്റിക് പ്രവർത്തികളുടെയും മറ്റ് അനുബന്ധ പ്രവർത്തികളുടെയും നടത്തിപ്പിന് ഒറിജിനൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് കമ്മറ്റി വിലയിരുത്തുകയും അത്യാവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റിയുടെ ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് TDLCCS പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.ആയതുപ്രകാരം ഓഡിറ്റോറിയത്തിന്റെ നവീകരണത്തിനായി ആകെ തുക 353.35 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. ബജറ്റ് എസ്റ്റിമേറ്റ് 18 % അതായത് 53.35 ലക്ഷം രൂപ അധികരിച്ചിട്ടുണ്ട്. ആയത് 17/12/2019 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് തീരുമാനമനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുയുണ്ടായി. 08/02/2021 തീയതിയിലെ സ.ഉ.(സാധാ) നം.326//2021/തസ്വഭവ സർക്കാർ ഉത്തരവ് **(അനുബന്ധം-18 )** പ്രകാരം അധിക തുകയായ 53.35 ലക്ഷം രൂപ കിലയുടെ തനത് വരുമാനത്തിൽ നിന്ന് കണ്ടെത്തേണ്ടതാണെന്നും വ്യവസ്ഥക്ക് വിധേയമായി കിലയുടെ 2017-2018 ലെ Annual Pain സ്കീമിൽ ഉൾപ്പെട്ട Reparis & Maintenance of existing Auditorium എന്ന പ്രവർത്തിക്ക് 353.35 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത്**എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അറിവിലേക്കായിസമർപ്പിക്കുന്നു**

**തീരുമാനം**

**സർക്കാർ ഭരണാനുമതി നൽകിയത് പ്രകാരം കില ഓഡിറ്റോറിയം നവീകരണ പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്ന നടപടികൾക്കായി കില ഡയക്ടർ ജനറലിനെ ചുമതലപ്പെടുത്തി.**

അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

ഐറ്റം നമ്പർ -01

പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്

**തീരുമാനം**

**ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.**

യോഗം ഉച്ചക്ക് 12.00 മണിക്ക് അവസാനിച്ചു.

Saradaly

ചെയർപേഴ്സൺ, കില എക്സിക്യൂട്ടീവ് കമ്മറ്റി &
അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

[illegible]
[illegible]
[illegible]
[illegible]
[illegible]